വെളിച്ചെണ്ണയുടെ വിലയിടിവ്

13 (*373) ശ്രീ. വി. ബാലറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഫെബ്രുവരി ആദ്യ വാരത്തോടുകൂടി വെളിച്ചെണ്ണ വില കുത്തനെ കുറഞ്ഞിട്ടുണ്ടോ;

(ബി) വെളിച്ചെണ്ണ വില കുറഞ്ഞപ്പോൾ താങ്ങു വിലപ്രകാരം സർക്കാർ ഏജൻസികൾ കൊപ്ര സംഭരണം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ടൺ കൊപ്ര സംഭരിച്ചു; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) തേങ്ങയുടെ സീസൺ കാലത്ത് കൊപ്രയുടെയും വെളിച്ചെണ്ണയുടെയും വില പിടിച്ചു നിർത്തി കേര കർഷരെ രക്ഷിക്കാൻ എന്തെല്ലാം നടപടികളെടുക്കുമെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്

(ബി) കൊപ്ര സംഭരണം നടത്തിയിട്ടില്ല. കാരണം കൊപ്രയുടെ രണ്ടായിരം ആണ്ടിലേക്കുള്ള താങ്ങുവില കേന്ദ്ര സർക്കാർ ഇതുവരെയും പ്രഖ്യാപിച്ചിട്ടില്ല.

(സി) 2000 വർഷത്തേക്കുള്ള താങ്ങുവില കേന്ദ്രം ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ കൊപ്രയുടെ വില ഗണ്യമായി താഴ്ന്നുവരുന്നു. അതു കൊണ്ട് കഴിഞ്ഞ വർഷം പ്രഖ്യാപിച്ച താങ്ങുവിലക്കു കൊപ്രാ സംഭരണം ആരംഭിക്കേണ്ടിയിരിക്കുന്നു. ഈ മാസം 8-ാം തീയതി മുതൽ നാഫെഡിനു വേണ്ടി കൊപ്ര സംഭരണം കേരഫെഡും മാർക്കറ്റിംഗ് ഫെഡറേഷനും ആരംഭിക്കുന്നതാണ്.

നീർമറി പദ്ധതിയുടെ പ്രവർത്തനങ്ങൾ

14 (*374) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ചുള്ള നീർമറി പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾക്ക് കേരളത്തിലെ പ്രകൃതി സാഹചര്യങ്ങൾ അനുയോജ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതി അനുസരിച്ചുള്ള ഏതെല്ലാം കാര്യങ്ങളാണ് ഇവിടെ പ്രയോഗത്തിൽ വരുത്താൻ കഴിയാത്തതെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമൂലം എത്ര രൂപയുടെ കേന്ദ്ര വിഹിതം പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല എന്നു പറയുമോ;

(ഡി) ഈ പദ്ധതി പ്രവർത്തനങ്ങളിൽ ഭേദഗതി വരുത്തി പൂർണ്ണ പ്രയോജനം നേടിയെടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly